STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.227/PR/SPMC/PHQ/2022 Date: 31.10.2022

**സി.സി.ടി.വികളുടെ ഓഡിറ്റിങ്ങ് നടത്താൻ ഡി.ജി.പിയുടെ നിർദ്ദേശം**

എല്ലാ ജില്ലകളിലെയും പ്രധാനകേന്ദ്രങ്ങളും തെരുവുകളും പൂർണ്ണമായും സി.സി.റ്റി.വി പരിധിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പോലീസ് ഏകോപിപ്പിക്കും. ഇതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുള്ള ക്ലോസ് സർക്യൂട്ട് റ്റി.വി ക്യാമറകളുടെയും ഓഡിറ്റിംഗ് നടത്താൻ പോലീസ് തീരുമാനിച്ചു. ഇതിന് ആവശ്യമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് ജില്ലാ പോലീസ് മേധാവിമാർക്ക് നൽകി.

പോലീസിന്റെ നിയന്ത്രണത്തിലുള്ള സി.സി.റ്റി.വി ക്യാമറകളുടെ എണ്ണം, ഇനം, സ്ഥാപിച്ചിരിക്കുന്ന സ്ഥലം, പോലീസ് സ്റ്റേഷൻ, പ്രവർത്തനരഹിതം എങ്കിൽ അതിനുള്ള കാരണം എന്നിവ ജില്ലാ ക്രൈം റിക്കോർഡ്സ് ബ്യൂറോയും കൺട്രോൾ റൂമും അതത് പോലീസ് സ്റ്റേഷൻ അധികൃതരും ശേഖരിച്ച് സൂക്ഷിക്കും. പോലീസ് കൺട്രോൾ റൂമിലും പോലീസ് സ്റ്റേഷനുകളിലും ഫീഡ് ലഭ്യമായ ക്യാമറകളുടെ വിവരങ്ങളും ശേഖരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മറ്റ് സർക്കാർ സ്ഥാപനങ്ങളും സ്ഥാപിച്ചിട്ടുള്ള സി.സി.റ്റി.വി ക്യാമറകളുടെ വിവരങ്ങൾ ശേഖരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ പൊതുസ്ഥലങ്ങളിലും വ്യാപാരസ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള സി.സി.റ്റി.വി ക്യാമറകളുടെ വിവരങ്ങൾ അതത് പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ച് സൂക്ഷിക്കും.

പോലീസിന്റെ ക്യാമറകളിൽ പ്രവർത്തനരഹിതമായവ ഉടനടി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാകാൻ നടപടി സ്വീകരിക്കും. തദ്ദേശ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും ക്യാമറകളിൽ കേടായത് നന്നാക്കാൻ അതത് വകുപ്പുകളോട് അഭ്യർത്ഥിക്കും.

**************************************